2418 9th Session

**പഴയ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള വാസ്കോൺ പദ്ധതി**

| | ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കുട്ടനാട്ടിലെ പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുവേണ്ടി കുട്ടനാട് പാക്കേജിന്റെ കീഴിൽ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ നിന്നും തുക അനുവദിക്കുന്നതിന് 'വാസ്കോൺ' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | കുട്ടനാട്ടിലെ പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് മാത്രമായി ഒരു പദ്ധതി വാസ്കോൺ തയ്യാറാക്കിയിട്ടില്ല. കുട്ടനാട് പ്രദേശത്തേയ്ക്കുവേണ്ടി 204 കോടി രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതിയാണ് വാസ്കോൺ തയ്യാറാക്കിയിട്ടുള്ളത്. കുട്ടനാട് കുടിവെള്ള പദ്ധതിയുടെ ഭാഗങ്ങളായ 21 MLD ജലശുദ്ധീകരണശാല, ശുദ്ധജല ട്രാൻസ്മിഷൻ പൈപ്പുകൾ, വിതരണശൃംഖല, ഉന്നതതല ജലസംഭരണികൾ എന്നിവ ഉൾപ്പെട്ട 120 കോടി രൂപയുടെ പദ്ധതി ഇതിൽ ഉൾപ്പെടുന്നു. |
| (ബി) | എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | വാസ്കോൺ തയ്യാറാക്കിയ സമഗ്ര കുടിവെള്ള പദ്ധതിയുടെ Soft copy ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | 50 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് 'വാസ്കോൺ' ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | കുട്ടനാട് പ്രദേശത്തേയ്ക്ക് വേണ്ടി 204 കോടി രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതിയാണ് വാസ്കോൺ തയ്യാറാക്കിയിട്ടുള്ളത്. |

[signature]

സെക്ഷൻ ഓഫീസർ